**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 535** **17-09-2025-ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. സണ്ണി ജോസഫ് (മുഖ്യമന്ത്രി)

**(എ)** പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനു കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

**മറുപടി:** ധനകാര്യ വകുപ്പ് സെക്രട്ടറി തലത്തിൽ കത്തുകൾ കേന്ദ്രസർക്കാരിനു നൽകിയിട്ടില്ല.

**(ബി)** പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പഠിച്ച സമിതി നൽകിയ റിപ്പോർട്ടിന്മേൽ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച മന്ത്രിതല സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**മറുപടി: സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് പഠിക്കുന്നതിനായി നിയമിച്ച ഉപസമിതി 10.10.2024 -ന് ഒരു യോഗം ചേർന്നു. അതിന്റെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല.**

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ -എ) വകുപ്പ്**

**സ.ഉ.(അ) നം.110/2023/ധന.** **തിരുവനന്തപുരം, തീയതി, 02/11/2023.**

---

പരാമർശം :- 1. സ.ഉ. (അ) നം. 20/2013/ധന. തീയതി, 07.01.2013.
2. സ.ഉ. (അ) നം. 172/2018/ധന. തീയതി, 07.11.2018.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു (റിട്ട. ജില്ലാ ജഡ്ജി) ചെയർമാനായും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തുവാനും അധിക കാലതാമസം കൂടാതെ ശിപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാനും 01.11.2023 തീയതിയിൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
5. ധനകാര്യ (എൻ.പി.എസ്. സെൽ) വകുപ്പ്.
6. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
7. എല്ലാ വകുപ്പ് മേധാവികൾക്കും.
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
9. മാനേജിംഗ് ഡയറക്ടർ, കെ.എസ് ആർ.ടി.സി, തിരുവനന്തപുരം.
10. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
11. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
12. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ).
13. രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര.
15. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
16. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി.
17. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
18. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം.
19. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
20. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
21. സെക്രട്ടറി, കെ.എസ്.ഇ.ബി - ലിമിറ്റഡ്, തിരുവനന്തപുരം.
22. ചീഫ് സെക്രട്ടറി, കേരള സർക്കാർ.
23. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
24. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.
25. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
26. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.
27. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
28. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
29. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
30. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
31. നോഡൽ ഓഫീസർ, www.finance.kerala.gov.in
32. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1856 തീയതി, 01/11/2023).
33. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-2599591).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ